**Catholic Syro-Malabar Eparchy of Great Britain**
**CSMEGB Bible Kalotsavam**

# MARGAM KALI

## Competition rules and guidelines



## കൈ മുദ്രകൾ

- പതാക, മുദ്രാക്യം, അഞ്ജലി - എന്നീ കൈമുദ്രകൾ ഒറ്റക്കോ, ഇരട്ടിച്ചോ, കൂട്ടായോ ഉപയോഗിക്കാവുന്നതാണ്.

## ശരീര ഭാവങ്ങൾ

- കാൽ മണ്ഡലം (സമപാദം), അരമണ്ഡലം, മുഴുമണ്ഡലം.

## വായ്പാട്ട്

- 14 പാദങ്ങൾ (താഴെ കൊടുത്തിട്ടുണ്ട്).
- പാദങ്ങൾ വെട്ടിച്ചുചുരുക്കുമ്പോൾ വരികൾ അർത്ഥപൂർണം ആകുവാൻ ശ്രദ്ധിക്കുക.
- താളത്തിന് കുഴിത്താളം അഥവാ ചെറിയ ഇലത്താളം ഉപയോഗിക്കാം.

## വേഷവിധാനം

- ചട്ട, മുണ്ട്, കവണി: വെളുത്തതോ കോടി നിറമുള്ളതോ ആയിരിക്കണം, തിളക്കമുള്ള തുണിത്തരങ്ങൾ ഉപയോഗിക്കരുത്.
- ലെയ്സ് അഥവാ ബോർഡറിന് കറുപ്പല്ലാത്ത ഏതുനിറവും ഉപയോഗിക്കാം.
- ചട്ടയിലും മുണ്ടിലും ഉപയോഗിക്കുന്ന ബോർഡർ അഥവാ ലെയിസിൻറെ നിറം ഒന്നുതന്നെ ആയിരിക്കണം.
- ചട്ടയുടെ കൈ, കൈമുട്ടിൽ നിന്ന് 2-4 ഇഞ്ച് ഇറങ്ങിക്കിടക്കുന്നവ ആയിരിക്കണം

- ചട്ടയുടെ കഴുത്ത് V ആകൃതിയിൽ ഉള്ളവയും മടിവരെ ഇറക്കമുള്ളവയും ആയിരിക്കണം. മാർഗ്ഗംകളി ചട്ടക്കുപകരം മറ്റുഉടയാടകൾ പാടുള്ളതല്ല.
- ചെറിയ കവണി, വെള്ളിയോ സ്വർണ നിറമുള്ളതോ ആയ കസവുള്ളത് ഉപയോഗിക്കാം.

## ആഭരണങ്ങൾ

- കഴുത്തിൽ: കാശുമാല, ഇളക്കത്താലി, വെന്തിങ്ങ എന്നിവ ധരിക്കാവുന്നതാണ്.
- കാതിൽ - 5 ഓ 7 ഓ വെള്ളക്കല്ലുകൾ ഉള്ള കമ്മലോ, ചെറിയ തോടയോ ധരിക്കാം, മേക്കാമോതിരം അഥവാ കുണുക്ക് ധരിക്കണം.
- കൈകൾ - ഓരോ കയ്യിലും സ്വർണ നിറമുള്ള ഓരോ കാപ്പോ, അല്ലെങ്കിൽ 2 നേർത്ത സ്വർണ നിറമുള്ള വളകളോ ധരിക്കാം.
- കാലുകൾ - രണ്ടു കാലുകളിലും ഒരേ നിറത്തിലുള്ള, രണ്ടറ്റത്തും മുട്ടുകളുള്ള, സ്വർണം, വെള്ളി, പിത്തള ഇതിൽ ഏതെങ്കിലും ഒരു നിറത്തിലുള്ള തളകൾ ഉപയോഗിക്കാവുന്നതാണ്.

## ചമയം

- അമിതമായ ചമയങ്ങൾ പാടില്ല.
- പൊട്ടു കുത്തുവാൻ പാടില്ല.
- പുരികം കറുപ്പിക്കാം, കണ്ണുകൾ എഴുതാം.
- ചുണ്ടുകൾ ചുവപ്പിക്കാം.
- **കയ്യിലും കാലിലും മൈലാഞ്ചിയോ അൾട്ടയോ ഉപയോഗിക്കാൻ പാടില്ല. (Amended in 2025).**

## മുടി

- വട്ടക്കെട്ട് അഥവാ മായകെട്ട്.
- അഴിഞ്ഞുപോകാത്ത വിധം ബണ്ണോ, വടയോ വച്ച് കറുത്ത ചരട് ഉപയോഗിച്ച് മുറുക്കി കെട്ടിവയ്ക്കുക.
- തിരുപ്പനോ കറുത്ത സ്ലൈഡോ ഉപയോഗിച്ച് മുടി മുറുക്കാവുന്നതാണ്
- മുടിയിൽ മറ്റലങ്കാരങ്ങൾ പാടില്ല.

പ്രത്യേക ശ്രദ്ധക്ക് :

- മുണ്ട്, മുടിക്കെട്ട് എന്നിവ അഴിഞ്ഞുപോകാൻ പാടില്ല.

# മാർഗ്ഗംകളി പാട്ട്

## വന്ദനഗാനം

മെയ്ക്കണിന്ത പീലിയുമായിൽ
മേൽത്തോന്നും മേനിയും
തെയ് തെയ് പിടിത്ത ദണ്ഡും
കൈയ്യും മെയ്യും എന്നെന്നേക്കും വാഴ്കവെ
തെയ് തെയ് വാഴ്ക വാഴ്ക
നമ്മുടെ പരീക്ഷയെല്ലാം ഭൂമിമേൽ
തെയ് തെയ് വഴിക്കുറായ് നടക്കവേണ്ടി
വന്നവരോ നാമെല്ലാം
തെയ് തെയ് അഴിവുകാലം വന്നടുത്തു
അലയുന്ന നിൻ മക്കളെ
തെയ് തെയ് അഴിയായ് വണ്ണം
കാത്തരുൾവാൻ കഴിവു പേശുക മാർത്തോമൻ
തെയ് തെയ് മലമേൽനിന്നും വേദ്യനമ്പു
ചാർത്തിമാറി എന്നപോൽ
തെയ് തെയ് മയിൽമേലേറി നിന്ന നില
കാണവേണം പന്തലിൽ
തെയ് തെയ് പട്ടുടൻ പണിപ്പുടവ
പവിഴമുത്തു മാലയും
തെയ് തെയ് അലങ്കരിച്ചു പന്തലിൽ
തെയ് തെയ് വന്നുതക വേണം മാർത്തോമൻ
തെയ് തെയ് അലങ്കരിച്ചു പന്തലിൽ
വന്നെഴുതരുൾക മാർത്തോമൻ തെയ് തെയ്
അലങ്കരിച്ചു പന്തലിൽ വന്നെഴുൽത്തരെ
താ കർകു തികത്താ തിമൃതതെയ്


Published by: CSMEGB Commission for Bible Apostolate. For private circulation only.

## പാഠം 1

ത... മ്പു...രാൻ, ആൻ, മുമ്പാകെ, കെ..
കൊ...ണ്ട..പൂ.., പു...ക...ഴ്ച...ആ...
താ...ശി...യാൽ, ആൽ..മാ...ർഗ്ഗം, അം..
വിളയും...ഉം, നാ...ട്ടിൽ.... ഇത തെയ് തെയ്
മൂവരൊരുവന്റെ കൽപ്പന കൊണ്ട് തിത്തെയ് തെയ് താരാ
മുമ്പിനാലുണ്ടായ പള്ളിയിടത്ത് ഇത തെയ് തെയ്
ആദിയെ മുമ്പു ശീലേമ്മോൻ ചമച്ച തീത്തെയ് തെയ് താരാ
ആലയം ഭാഷയിൽ കണ്ടോരു ചോഴൻ, ഇത തെയ് തെയ്
ആയതുപോൽത്തന്നെ നമുക്കുമിങ്ങ്, തിത്തെയ് തെയ് താരാ
ആദരാലൊന്നു ചമയ്ക്കവേ/ണം
താ കർകു തീ ത്തെയ്യ തീത്തെയ്
തക തെയ്യ ത്തെയ്.

## പാഠം 2

എന്നതുറച്ചുടൻ അൻപാൽ രാജൻ, ഏകിതുവേഗേന ആവാനോട്
തേനോടു പാലുമൊഴുകും നാട്
തേവരി പട്ടണമാകും ദേശം
തേറിയതിന്നു മേലില്ല ഭൂമി
ദൈവമിരിപ്പിടമെന്നും ചൊല്ലാം
തെക്കുവടക്കൊരു പശ്ചിമ ദിക്ക്
ദണ്ഡനമസ്കാരം ചെയ്യും ഭാഗം
ആയിവിടത്തിന് നീ ചെന്നിട്ട്
ആകുലമെന്നിയെ തച്ചരെ നോക്ക്
കണ്ടവരഞ്ചിത്തെളിയും പോലെ
കൊണ്ടുപോകണം നീ വേണ്ടും കോപ്പ്

കൂട്ടിയടുപ്പിച്ചോരാളോടേകി
കൂടി നിരൂപിച്ചു വേണ്ടും പോലെ
മാത്രയൊഴിയാതെ ചേർച്ചയാലെ
യാത്ര പുറപ്പെട്ടു നേർ വഴി/ക്കു
താ കർകു തീത്തെയ്യ തിത്തെയ്
തക തെയ്യത്തെയ്

## പാഠം 3

കടലും കര്യുമൊരുപോൽ വഴിയാൽ - തെയ് തിത്തെയ്
കയ്യർ മരുവുന്നവനെ തുണ നീ, - തെയ് തിത്തെയ്
കരുണക്കടലേ കടലിൽ നിന്നെന്നെ - തെയ് തിത്തെയ്
കരകൊണ്ടുതകേണം കാര്യമിതിനെ തെയ് തിത്തെയ്
ഇതുതരമായുള്ള വചനം ചൊല്ലി - തെയ് തിത്തെയ്
സ്തുതി ചെയ്തരുളാലെ കപ്പൽ കരേറി തെയ് തിത്തെയ്
കാറ്റോടു പെശറുകൾ മറുതലയാതെ - തെയ് തിത്തെയ്
കരചേർന്നരുളാൻ ഹിത- ”
തീയ്യം തീത്തീ തീത്തിത്തെയ് ,
കരചേർന്നരുളാൽ ഹിതമിയ നാട്ടിൽ ”
തീയ്യം തീത്തീ തീത്തിത്തെയ് ”
കരചേർന്നരുളാൻ ഹിതമിയ നാട്ടിൽ ”
പുക്കതിലാരായ്‌വാൻ നൽ ”
തീയ്യം തീത്തീ തീത്തിത്തെയ് ”
പുക്കതിലാരായ്‌വാൻ നൽ വഴികേട്ടൻപാൽ ”
തക്കവരോടു ചേർന്നു ”
തീയ്യം തീത്തീ തീത്തിത്തെയ് ”
തക്കവരോടു ചേർന്നണഞ്ഞു മഹോസ ”
ദിക്കു പുക്കതിലവരുഴലുന്നപ്പോൾ (2) ”
തിറമൊടെ കർത്താവ് കാണകപ്പെട്ടു ”
തിറമോടെ കർത്താവ്/തിത്തിത്തകത താ കർകു ”
തീത്തെയ്യ തീത്തെയ് തക തെയ്യത്തെയ് ”

## പാദം 4

അരുൾ ചെയ്തിതാചാരമെങ്ങുനിന്നെന്നും, ഓ-തിത്തെയ്
ആരെന്നുമതെന്തെന്നും മുതലേതെന്നും ”
അതിനിഹകാരണമെങ്ങയെന്നും ”
അതു പൊഴുതായവരറിയിച്ചപ്പോൾ ”
വിധമിത് നീയറിക അരചൻ ചോഴൻ ”
വിരവിലൊരാശാരി നല്ലോനെക്കാണ്മാൻ ”
വിനയറുമറ്റു പണികൾക്കെന്നാൽ ”
കഴിവതിനെവ്വനമെന്നരുൾ ചെയ്ക ”
കരുതിയതിന്നൊരു വിഴിയെ പോവാൻ ”
കഴിവതിനാരിതു കാരണമെന്നും ”
കൈ കരമില്ലാതുള്ള മനുവും ദിക്കിൽ ”
ഇവരിതു ചൊന്നതിനുത്തരമൻപാൽ ”
ഹിതം വരുമാറരുൾ ചെയ്തിതു മാറാൻ ”
ഇടമതിൽ നിന്നരനാഴിക മുൻപെ ”
ഇടമതിൽ നിന്നൊരുത/ച്ചനെ നൽകാം ”
താ കർകു തീത്തെയ്യ തീത്തെയ്
തക തെയ്യത്തെയ്

## പാദം 5

മരമൊടു കല്ലുകൾ കനകം വെള്ളി
മനമിയലും പടി ചെമ്പുമിരുമ്പും
മറ്റും പലവക വേണ്ടും പണികൾ
ഇന്തെയ് തത്ത
മരമൊടു... പണികൾ, ഇന്തെയ് തത്ത
തത്തത്ത ത്തകതത്തേ കർകു
തിത്തെയ് തക തെയ് തെയ് താ
മഹിമയൊടരിമകളെല്ലാം ചെയ്യും

മനുവിവ/തിത്ത ത്തകത ത്തികിതത്താം
തികിതക തകത ത്തികി തത്താം
കർകു തിത്തത്താം കർകു തിന്തത്താം
കർകു തിത്തത്തത്താ തിത്താ തിമൃതത്തെയ്
ഇന്തെയ്തത്താ
മഹിമയൊടരി മകളെല്ലാം ചെയ്യും
മനുവിവനെതിരില്ലൊരുവൻ തച്ചൻ
മറവില്ലേതും പണികൾ ക്കഴകാൽ, ഇന്തെയ്തത്താ
തത്തത്ത ത്തകത്തത്തേ കർകു
തിത്തെയ്തക തെയ് തെയ്താ
ഇത്തരമുത്തരമായുള്ള വചനം
ഇച്ഛ വരും പടി കരുതിയുറച്ച്
തക്കിടക്കിടകിതായ്ക്ക തൊങ്കം
തരികിട കിടതകി തായ്ക്ക തൊങ്കം
തക്കിട കിടതേ തരികിട കിടതേ
തക്കിത്തൊങ്കം ത്ളാങ്കു തരി കിണത്തോം ഇന്തെയ് തത്ത
ഇത്തര മുത്തരമായുള്ള വചനം
ഇച്ഛ വരും പടി കരുതിയുറച്ച്
ഇവരോടിതമായരുൾ ചെയ്യുമ്പോൾ, ഇന്തെയ്തത്ത
തത്തത്ത ത്തകതത്തേ കർകു
തിത്തെയ് തക തെയ് തെയ് താ
ഇമ്പമോടരൂപികൾ തിരുമനസ്സാലെ
ഇയൽ വഴി/
ഇയൽ വഴിയെത്തിയണഞ്ഞു റൂഹായിൽ
ഇണതാനായോനെ എടുത്താകാശെ ഇന്തെയ്തത്ത
തത്തത്ത ത്തകതത്തേ കർകു
തിത്തെയ് തക തെയ് തെയ്താ
ദൂതരോടൊരുമിച്ചവ്വഴി കൂടി
വിധമൊരു തച്ചനു സാദൃശ്യമായി

തീ ത്താം തിത്തത്താം
തീ ത്താം തിത്തത്താം
കർകു തിത്ത ത്താം കർകു തിന്തത്താം
കർകു തിത്ത ത്തത്താ തിത്താ
തിമൃതത്തെയ്, ഇന്തെയ് തത്താ
ദൂതരൊടൊരുമിച്ചവ്വഴി കൂടി
വിധമൊരു തച്ചനു സാദൃശ്യമായി
വിരവോടെ അര നാഴിക മുമ്പേ ഇന്തെയ് തത്ത
തത്ത ത്ത ത്തകതത്തേ കർകു
തിത്തെയ് തക തെയ് തെയ് താ
വിശ്വമിടങ്കയ്യിലായവനൊരുവൻ
വിധിയുടെ അരചൻ തിരുമുമ്പാകെ
തക്കിട കിടതകി തക്കിട കിടതകി
തക്കിട കിടതകി തീ
തകത തകത തകത തീ
തിക്കിട കിടതകി തക്കിട കിടതകി
തക്കിട കിടതകി തീ
തികിത തികിത തികിത തീ
തിക്കിട കിടതകി തീ തകിതീ തി
തിക്കിട കിടതകി തീ തകിതീ തി
തക്കിട കിടതേ തിക്കിട കിടതേ
തക്കിട്ടേതാ ഇന്തത്താകിട
തെയ് തെയ് ഇത്തെയ് ഇന്തത്താകിട
തക്കിട കിടതകി തീ
വിശ്വമിടങ്കയ്യിലായ വനൊരുവൻ
വിധിയുടെ അരചൻ തിരുമുമ്പാകെ
വിധിപോലെ വ(ന്നു നിന്നിതു തോമ്മാ)
താ കർകു തിത്തത്തത്താ തിമൃതത്തെയ്


Published by: CSMEGB Commission for Bible Apostolate. For private circulation only.

## പാഠം 6

വിരവിലീ വരവുകണ്ടാനന്ദിച്ചു
വിദഗ്ദനെന്നുറച്ചുള്ളിലാശകൊണ്ട്
വേസ്ഥ വരുത്തിയിതാവാനപ്പോൾ, ഇന്തെയ്തത്ത (2)
അതു നിജതിരുമനസ്സാദരാലെ
അറിഞ്ഞുടൻ ത്ധടുതിയിലാവാനോട്
അരുൾ ചെയ്തിതാ വന്നാശാരിയെന്ന് ഇന്തെയ് തത്ത
അവ്വനമരുൾ വഴി കേട്ടിട്ടാവാൻ
അതു തെളിവരചനിലായിക്കൊണ്ട്
അറിയിച്ചു യാത്ര കൽപ്പന വാചാൽ-ഇന്തെയ്തത്ത,
വചനമിതരുളിയതോർത്തു കേട്ടു
അകതാരിലിവരുടെ കോലം കണ്ടു
വാക്കുവശത്താലുള്ളൂ ഞടുങ്ങി - ഇന്തെയ് തത്ത
വഴിങ്ങിയിതവനിൽ വീണു തോമ്മാ
വരുവതിൻ വിനകളിൽ കേണു നിന്നു
വലുതായിട്ടുള്ള / പീഡകളിതുപോൽ - ഇന്തെയ്തത്ത
താ കർകു തത്തോം തകതോം
തികി തക താ ഇത തെയ് തെയ്
തങ്ങും തിങ്ങും തതിം കിണ, തത്തോം
തകതോം തികി തക താ ഇത തെയ്തെയ്
തങ്ങും തിങ്ങും തതിം കിണതോം.

## പാഠം 7

എന്നെ നീ കാത്തല്ലോ ഏറ്റങ്ങളേശാതെ തെയ് തെയ്
എന്നതും പാഴായിട്ടേകുന്നു ദൈവമേ, ” ”
ഹിന്തുവെന്നുള്ള നാടേറിയ സർപ്പങ്ങൾ ”
”
എന്നിവയെന്നിയെ ഏറ്റമാം ജന്തുക്കൾ ” ”


Published by: CSMEGB Commission for Bible Apostolate. For private circulation only.

എന്നിവയെന്നിയെ ഏറ്റമാം ജന്തുക്കൾ ” ”
നാണമില്ലാതുള്ള നായനുണ്ടാ ദിക്കിൽ ” ”
നാളില്ലെ കോളില്ലെ നന്നായി ചൊല്ലില്ലെ ”
”
നാടെല്ലാം കാടെല്ലാം നായനെയെന്നെ നീ ”
”
നന്നായി കൈവിട്ടോ നാടിട്ടേച്ചാഴത്തിൽ ” ”
മാറാതെ ഹിന്തുവിൽ മാനുഷരല്ലല്ലൊ ” ”
മാനുഷരെന്നപോൽ മനതാരിലില്ലല്ലൊ ” ”
മണ്ണിലെ മണ്ണുപോൽ മാറ്റമില്ലെങ്ങുമേ ” ”
മറ്റെല്ലാം നാടോടെ മാർഗങ്ങളെന്നല്ല ” ”
മക്കളെന്നൻപില്ല മാൽ ചെയ്യും തങ്ങളിൽ തെയ് തെയ്
മക്കൾക്കുമവ്വണ്ണം മനതാരിലില്ലല്ലൊ ” ”
മറ്റെല്ലാ നാട്ടിലും മാറാനേയീരണ്ട് ” ”
മാറ്റവന്മാരെല്ലാ മാറാതെ പോകുന്നു ” ”
മാറാനെപ്പോലെന്നെ മായോനേ കല്പിച്ചോ ” ”
മാറ്റവൻ കൂറ്റനായി മാലൊഴിപ്പോലില്ലെ ” ”
താ കർകു തീത്തത്താ തിമൃതത്തെയ് ” ”

## പാഠം 8

എന്നിവയെല്ലാം കണ്ണുനീരാലെ തോമ്മായുണർത്തിച്ച നേരം തെയ് തെയ്
എങ്ങും വിളങ്ങുന്ന നായൻ മിശിഹാ പേർത്തരുൾചെയ്‌വാൻ തുടങ്ങി, - തെയ് തെയ്
നീയൊരുവൻ താനെന്നൊരു ചിന്ത ഉള്ളിൽ നിനക്കഴൽ വേണ്ട, - തെയ് തെയ്
നിന്നോടുകൂടെ ഞാനുണ്ട് കൂട്ട് നീ പോകുന്നാടതിലെല്ലാം, തെയ് തെയ്
മാനുഷരല്ലാ ഹിന്തുവിലെന്ന് പാഴിൽ നിനക്കഴൽ വേണ്ട, തെയ് തെയ്
മാനുഷരെല്ലാം ജാതികളും പിന്നെ മാൽ ചെയ്യും ജന്തുക്കളെല്ലോ,

തെയ് തെയ്
നിന്നുടെ വാക്കും നിനവുകളും നോക്കും ഭാഷയറിഞ്ഞുതകിടും,
തെയ് തെയ്
നിൻ നിനവെല്ലാമെൻ നിനവല്ലോ നീയുറയ്ക്കാകുലം വേണ്ട തെയ് തെയ്
എന്നതിനാലിപ്പോൾ ഞാനിന്നു നിന്നെയും 'വിറ്റുവിലവാങ്ങിയെ
ന്നാൽ തെയ് തെയ്
ഏഴുമൊഴികളേതും തികപ്പാനായ് ചീട്ടുകൊടുക്കുന്നു വേറെ തെയ് തെയ്
ഈ മൊഴിയാവാൻ കേട്ടുടനൻപിൽ ആദി പെരിയോനെ നോക്കി,
തെയ് തെയ്
ഈടേറ്റം കൊൾകാൻ കാശുകൊടുത്തു കയ്യെഴുത്തൻപോടെ
വാങ്ങി, തെയ് തെയ്
ത്രീലോക നാഥൻ കാശെടുത്തമ്പാൽ തോമ്മാടെ പക്കൽ
കൊടുത്തു, തെയ് തെയ്
തൃപ്തിവരുമ്പോലൻപാലരുൾ ചെയ്തു യാത്രാ വിധിച്ചഴകാലെ,
തെയ് തെയ്

## പാഠം 9

ചിന്ത തെളിഞ്ഞിതു ചോഴനുമാവാനും തന്നുടെ മന്തിരിമാരും, തെയ് തെയ്
ചിന്ത തെളിഞ്ഞി....
ചിക്കനെ വന്ദിച്ചു യോഗമൊരുമ്പെട്ടു ശരണമിതെന്ന്.. തെയ് തെയ്
ചൊല്ലിയൊരുപോൽ നടത്തി നടന്നിതു തോമമായരുൾ വഴി
പോലെ, തെയ് തെയ്
ചോഴൻ പ്രകാശിക്കും നാടു കടന്നുടൻ മാർഗ്ഗമറിയിച്ചശേഷം തെയ്
തെയ്
പോലിന്റെ പുത്രിയെ വേളികഴിച്ചിതാമായൊരു കല്യാണം കൂടി
തെയ് തെയ്
തിന്തുക നിന്ത ത്തെയ്
തിന്തക തിന്ത ത്തെയ്

തെയ് തെയ്ത തെയ്യ ത്തെയ്
കർകു താക തെയ്യത്തെയ്
കർകു തരികിട തിമൃത്തെയ്
പോരും വഴിക്കുള്ള വാഴ്‌വു കൊടുത്തതിനേതും തെളിഞ്ഞില്ലക്കാവ്യർ, തെയ് തെയ്
എന്ന നിമിത്തമായേകനടിച്ചിതു മാർത്തോമ്മാൻ തന്റെ കവളേൽ, തെയ് തെയ്
എത്തിയടിച്ചായവന്റെ വലത്തെ കൈ വ്യാഘ്രം കടിച്ചു തകർത്തു, തെയ് തെയ്
അന്നു പാണിയേയും നായ് കടിച്ചങ്ങനെ തൂക്കിയിവിടെ വരുത്തി, തെയ് തെയ്
തി തിത്തി തീ തിത്തി തെയ് തെയ്
ഇപ്പടി കണ്ടൊരു പോലുമവനുടെ നാടതിലുള്ള ജനവും, തെയ് തെയ്
ഒത്തു നിരൂപിച്ചു വിശ്വസിച്ചവൻ പോലെ മാമ്മോദീസായും മുഴുകി, തെയ് തെയ്
തിത്തീ തീ തീ ത്തീതി തീത്തീതി തീത്തിതി
തിത്തീ തീ തീത്തീ തീ തീ... തീ തെയ് തെയ്...
ഊരാളരോടറിയിച്ചിതു മാർഗ്ഗവും
കേട്ടവരായിതിലായി തെയ് തെയ്
കർകു തെയ്യ തിന്തക തിന്ത തെയ്
കർകു തെയ്യ തിന്തക തിന്ത ത്തെയ്

## പാഠം 10

ഈവണ്ണം കെട്ടും കീഴായവാറെ
ഇവരെക്കൊണ്ടവ്വണ്ണം വേണമെന്ന്
ഇണ്ടൽ പെരുത്തു വിളിച്ചു ചോഴൻ
തമ്പിയെ തമ്പി വാ അണയത്തെന്ന്
തമ്പിയും താനുമായി വേണ്ടുവോളം
കാര്യകാര്യങ്ങളെ ചിന്തിക്കുന്നു
അല്ലലായ് രാജനീവണ്ണം ചൊന്നാൽ

# MARGAM KALI

## Competition rules and guidelines

എന്നുടെ തമ്പി നീ കേൾക്ക വേണം
തരമിപ്പോൾ നമ്മുടെ വാഴ്ചക്കാലം
പെട്ടപോൽ പെട്ടിട്ടില്ലാർക്കും മുമ്പേ
നാടുവാഴുന്ന നൃപന്മാർക്കാർക്കും
നാണക്കേടിതുപോലെ വന്നിട്ടില്ല
നാടിനി ഞാൻ വാഴ്വാൻ യോഗ്യം പോരാ
തമ്പി നീ വേണ്ടും പോൽ പരിപാലിക്ക
അന്നേരം തമ്പിയും അല്ലലോടെ
അത്തൽ പെട്ടൊരു ദണ്ഡം ഉള്ളിലായി
അന്നുതന്നെയാദിയായ് ദണ്ഡങ്ങളും
ചിക്കനെ ചേർന്നു വശം കെട്ടുള്ളിൽ
ആരുളാലെ നാൾതോറും വർദ്ധിച്ചേറി
ആത്മാവു മാലാഖമാരെടുത്ത്
ആകാശെ കൊണ്ടങ്ങു ചെന്നനേരം
ചോഴന്റെ പേർക്കില്ലം കുറിയിൽ കണ്ടു
അക്കുറി വായിച്ച് അറിഞ്ഞശേഷം
അകം പൂക്കു കണ്ടതവനിൽ നിന്നെല്ലാം
അമ്പോടെ മൂന്നിനുമിമ്പം പോലെ
ആവോളം തരമുണ്ടെ പേർത്തു ചൊൽവാൻ
മാനുഷജാതിക്കകപ്പെടുന്നു
മാലെല്ലാമതു ചെന്നുകണ്ടാൽ തീരും
മതിപോരും രാജാക്കൾ വാഴും കോയിൽ
എന്നെല്ലാം നന്നായിക്കണ്ടോരാത്മം
തിത്തീ തീത്തെയ്

## പാഠം 11

ആനന്ദം വരുമാറു മാലാഖമാർ തീ തെയ് തെയ്താരാ
ആകാശെ നിന്നിങ്ങു ലോകം ചേർന്നു തെയ് തിത്തെയ് തീ
തെയ്കത തെയ്യ തെയ്
ആചാര ജഡരമടക്കും പോലെ, തീ തെയ് തെയ്താരാ
ആകയാൽ കൂടി പൊതിയുന്നപ്പോൾ
തെയ് തീ തെയ് തീത്തെയ് തക തെയ്യ തെയ്
ആത്മാവും ജഡരത്തിൽ പൂരിച്ചുടൻ, തീ തെയ് തെയ്താരാ
ആലസ്യം കൂടായുർത്തു രാജൻ
തെയ് തീത്തെയ് തീ തെയ്ക തെയ്യത്തെയ്
ആരുയിരിയോനെ സ്തുതി ചെയ്തവൻ, തീ തെയ് തെയാതാരാ
ആരോടു ചൊല്ലാതവനിൽ നോക്കി
തെയ് തീത്തെയ് തീ തെയ്തക തെയ്യത്തെയ്
അതു പൊഴുതണ്ണന്റെ മുമ്പിൽ ചെന്നു ,,
ആദരാൽ നിന്നവൻ കൈകൾ കൂപ്പി ,,
അതുനേരം വന്നിങ്ങണഞ്ഞു ചോഴൻ ,,
ഇഛയാലോർത്തു തഴുകിക്കൊണ്ട് ,,
തെയ് തീത്തെയ് തീതെയ് തക തെയ്യതെയ് ,,
കീർത്തിച്ചു വഴിപോലറിയിച്ചാറെ ,,
കൃത്യമിതെല്ലാവർക്കും വേണമെന്ന് ,,
കീർത്തിയാൽ ചെന്ന് വിലങ്ങും വീട്ടിൽ ,,
കഷ്ടങ്ങൾ ദുഷ്ടർക്ക് പെട്ടപോലെ ,,
തെയ് തീത്തെയ് തീതെയ് തക തെയ്യതെയ് ,,
പെട്ടൊരു മുനിവരൻ തന്നെക്കണ്ട് ,,
കാക്കൽ വീണഴുതു പിഴയും ചൊല്ലി ,,
കുമ്പിട്ടു നിന്നവൻ കെട്ടും നീക്കി ,,
തെയ് തീത്തെയ് തീത്തെയ് ,,
തക തെയ്യത്തെയ്

## പാഠം 12

കൊണ്ടു നടക്കുന്ന നേരം പലരും തി തെയ് തെയ് താരാ ”
കോയിക്കലൊണ്ടതു കാണ്മാനിതെന്നും ”
കൊണ്ടക്കുല ചെയ്‌വേനെന്നും ചിലർ ”
തല്ലിമുറിച്ചുതച്ചീടുവാനെന്നും ”
താമസമില്ലിപ്പോളറിയാമെന്നും ”
പോരുമീച്ചോരന്റെ പണികളൊന്നും ”
പോരുവീനെന്തു നമുക്കിതിലൊന്നും ”
പോകാതെ നില്ലുനില്ലെന്നും ചിലർ ”
ഇത്തരമോരോന്നു കണ്ടവരോരോ ”
വിസ്‌താരമായവർ ചൊല്ലുനേരം ”
കൊണ്ടക്കുല ചെയ്‌വാനിതെന്നും ചിലർ തി തെയ് തെയ്താരാ
കൊല്ലാതെ കൊണ്ടുപോയികളവാനിതെന്നും തി തെയ് തെയ്താരാ
അങ്ങനെ മനുഷർ പേശുന്നേരം ”
വേണ്ടും തരമുള്ള സ്നേഹങ്ങളാലെ ”
കൊണ്ടു ചെന്നവരെ കോവിലകത്ത് ”
ഗോപുരമേറ്റിയിരുത്തുന്നേരം ”
രോഷമൊഴിഞ്ഞൊരു ശ്ലീഹൻ തോമ്മാ ”
കോളതിലില്ലാതെ പ്രിയമുറച്ചു ”
ചൊല്ലിയറിച്ചറിഞ്ഞവർ മാർഗ്ഗം ”
ചോഴരിരുവരും ആവാനും പിന്നെ ”
മാറിയൊഴിഞ്ഞുള്ള മാനുഷരെല്ലാം ”
ഘോഷമൊഴിയാതെ മറ്റുപലരും ”
ആവോളം നല്ല ബഹുമാനത്താലെ ”
സന്തോഷമായൊരു മാമ്മോസായും ”
മൂവരൊരുമയാലൊത്തു മുഴുകി ”
മുടലൊഴിഞ്ഞവർ മാർഗ്ഗമെടുത്തു ”
തെയ് തീത്തെയ് തീത്തെയ് ”
തക തെയ്യത്തെയ് ”

## പാഠം 13

മാണിക്കക്കല്ലായ മാർഗം നാളിൽ നാളിൽ തെളിയുന്നു
മറ്റാറ്റുള്ള നിവ്യാളന്മാർ മെല്ലെമെല്ലെച്ചവളുന്നു
മാമ്മോദീസാ മുഴുകുന്നവരും നാളിൽ നാളിൽ പെരുകുന്നു
മാർഗ്ഗം നേടാക്കാവ്യരെല്ലാം കാണക്കാണക്കുറയുന്നു
ലോക വീതി നീളെ മാർഗ്ഗമേറിയേറ്റം വളരുന്നു
ലൗകികങ്ങൾ നീളെ നീളെ ചൊല്ലിപ്പലരും ചേരുന്നു
എന്നതിനാലെമ്പ്രാന്മാരുമേറിയേറ്റം മുതിരുന്നു
എങ്ങുമൊക്കെ മാർത്തോമ്മാനെ തേടിക്കാണാഞ്ഞുഴലുന്നു
കണ്ടില്ലെന്നു ചൊല്ലുന്നവരെ കണ്ടാലധികം ചീറുന്നു
കണ്ടുകൊണ്ടു ചൊല്ലാഞ്ഞിഷ്ടന്മാരോടൊക്കെ ചീറുന്നു
അക്കാലത്തിൽ മാർത്തോമ്മാനും ദൈവകൃത്യാലൊരു കാവിൽ
ആ വഴിക്കു പോവാനായി ചെന്നുകണ്ടവരതുനേരം
കണ്ണിമാരിടയിലൊക്കെ കൂടിച്ചേർന്നവരൊരുപോലെ
കാരിരുളിലായ പഞ്ചമഞ്ചം തെളിവാൽ ചൊല്ലുന്നു
കുമ്പിട്ടു നീ കാളിയാരെ കുപ്പിക്കൈകളടി വീണാൽ
കൂട്ടിത്തരാം പായസവും തിന്നു കൊണ്ടു വഴിപോക
എന്നനേരം മാർത്തോമ്മാനും കോപിച്ചവരോടു ചൊല്ലുന്നു
എന്നനേരം മാർത്തോമ്മാനും ചൊല്ലി മനസ്സില്ലെന്ന്
എന്ന തെന്യെ കുമ്പിടുകിൽ തീവീണഴിയും കാവെല്ലാം
കുമ്പിടുകയില്ല ഞാനും കളിയാരെ ഒരു നാളും
ദീനമേറിയുള്ളവനും തീയോടേറ്റം തീണ്ടാതെ
സീമ കൂടാതോരോ കൂട്ടമോർത്തു കേട്ടു കോപിച്ചു
തീയിൽ വീണു വീണ്ടും തീയിൽ വീഴ വേണ്ടവരൊക്കവേ
തീയാൽ വേകുന്നേകൻ ചാടി പേശ വേണ്ട മാർവ്വത്ത്
പൂണ്ടു നീണ്ട മൂർച്ചക്കോലും വാങ്ങി നിന്നങ്ങോങ്ങുമ്പോൾ
ഭൂമിവാനം തേടിയോനെ കാണ്മാറായി മുമ്പാകെ
തിത്ത ത്തകത തികിതത്താം
തികിതിക തകത തികിതത്താം

കർകു തിത്തത്താം കർകുതിന്തത്താം
കർകു തിത്ത ത്തത്താ തിത്താ തിമൃതത്തെയ്

## പാഠം 14

ന്നഗുണമുടയവനരുളാൽ വാനവർ
മഹിമയൊടെത്തിയണഞ്ഞുടനെ, ഇത തീത്തീതെയ്
മറുതലനെറികെടുമതിനൊരു തേരതിൽ
മംഗലമായവർ പൂകിച്ചേ, ഇത തീത്തീത്തെയ്
കൈകൊണ്ടവരൊരു ഞൊടിയളവാൽ
ചെന്നറിയിച്ചവർ ചിന്നമലയ്ക്കെ ഇത തീത്തീത്തെയ്
കരുണയോടിതുവഴി ചൊൽവതിനഴകാൽ
അങ്ങുമിങ്ങുമസ്സിതു പരിചേ ഇത തീത്തീത്തെയ്
നലമൊടു പലവക കിന്നരമഴകാൽ
നന്തുനീയും കഴൽ പലതരമേ
തീത്തീത്തകതക തീത്തീത്തകതക
തീത്തീത്തകതക തീത്തീത്തെയ്
നന്മവരും വക പലമൊഴിയൊരു സ്തുതി
നന്നായ് മലുക്കുകൾ പുലമ്പിതേ
തീത്തീത്തകതക തീത്തീത്തകതക
തീത്തീത്തകതക തീത്തീത്തെയ്
ഉടമ്പിൽ നിന്നുയിരെടുത്താകാശെ
ഉയിരവനിരിപ്പിടം പൂകിച്ചെ
ഇത തീത്തീതെയ്
ഉടമയിലുടയവനുടമ്പെഴുത്തഴകാൾ
നന്മനിറഞ്ഞൊരു പള്ളിയിലെ ഇത തീത്തീത്തെയ്
വച്ചിതു ധനമിതു മകളുമനുദിനം
അരുളു വഴിക്കു നടപ്പവരെ
തീത്തീത്തകതക തീത്തീത്തകത
തീത്തീത്തകത തീത്തീത്തെയ്
വൻവിനയൊഴിയപ്പെരിയവനരുൾ വഴി
തിറമൊടു തേടിപ്പുലരാമെ

തീത്തീത്തകതകത തീത്തീത്തകതക
തീത്തീത്തകതക തീത്തീത്തെയ്
തിത്തത്തകത തികിതത്താം
തികിതത തകത തികിതത്താം
കർകു തിത്തതാം കർകു തിന്തത്താം
കർകു തിത്തത്തത്താ തിത്താ തിമൃതത്തെയ്

==========================================================================================